പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6261

08-07-14 – ൽ മറുപടിയ്ക്ക്

**തണൽ പദ്ധതി**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.പി.സജീന്ദ്രൻ:**<br>**ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി:**<br>**ശ്രീ.അൻവർ സാദത്ത്:**<br>**ശ്രീ.പി.എ.മാധവൻ:** | | **ശ്രീ. കെ. ബാബു**<br>**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| (എ) | മത്സ്യലഭ്യത കുറവായ പഞ്ഞമാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് വരുമാന ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് തണൽ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കുമോ ; | (എ) | ഫിഷറീസ് - തൊഴിൽ വകുപ്പുകളുടെ സംയുക്ത സംരംഭമായ ഈ പദ്ധതി പ്രകാരം കേരളത്തിലെ മത്സ്യത്തൊഴിലാളികൾക്കും, അനുബന്ധ തൊഴിലാളി കൾക്കുമായി 2011-12, 2012-13 സാമ്പത്തിക വർഷത്തിൽ 31.076 കോടിരൂപയുടെ അധിക ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ പൂർണ്ണ സാമ്പത്തിക സഹായത്തോടെ കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന വിവര ശേഖരണം നടത്തി ബയോമെട്രിക് തിരിച്ചറിയൽ കാർഡിന് എൻറോൾ ചെയ്ത മത്സ്യത്തൊഴിലാളികൾക്കും അനുബന്ധ തൊഴിലാളികൾക്കും 1350/- രൂപ നിരക്കിൽ ധനസഹായം നൽകുന്നു.<br>പ്രസ്തുത ധനസഹായം പാവപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കൈകളിൽ എത്തുന്നു എന്ന് ഉറപ്പ് വരുത്തുമാറ് ധനസഹായത്തുക ബാങ്ക് അക്കൗണ്ടിലൂടെ മാത്രമാണ് വിതരണം ചെയ്യുന്നത്. പ്രസ്തുത പദ്ധതി പ്രകാരം 2,29,266 മത്സ്യ/അനുബന്ധ തൊഴിലാളികൾക്കായി ഒന്നാം ഘട്ടത്തിൽ 30.95 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. 2013-14 വർഷത്തിൽ 30 കോടി രൂപ തണൽ പദ്ധതിക്ക് അനുവദിച്ച നൽകിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 1,16,480 മത്സ്യത്തൊഴിലാളികൾക്ക് 15.72 കോടി രൂപയുടെ ധനസഹായം നൽകി. ബാക്കി തുകയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

| | | | |
|---|---|---|---|
| ബി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ബി) | തണൽ പദ്ധതി പ്രകാരം 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിലായി അനുവദിച്ച 31.076 കോടിരൂപയിൽ നിന്ന് 2,29,266 മത്സ്യ/അനുബന്ധ തൊഴിലാളികൾക്കായി 30.95 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br>2013-14 വർഷത്തിൽ 30 കോടി രൂപ തണൽ പദ്ധതിക്ക് അനുവദിച്ച നൽകി. ആദ്യഘട്ടത്തിൽ 1,16,480 മത്സ്യത്തൊഴിലാളികൾക്ക് 15.72 കോടി രൂപയുടെ ധനസഹായം നൽകി. ബാക്കി തുകയ്ക്കുള്ള ധനസഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ